പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1526 — 13.07.2016 -ൽ മറുപടിക്ക്.

## കോഴിക്കോട് താലൂക്കിലെ റേഷൻ വിതരണ കമ്മീഷൻ കുടിശ്ശിക

ചോദ്യം

ശ്രീ.പി.ടി.എ. റഹീം

മറുപടി

ശ്രീ. പി.തിലോത്തമൻ
(ഭക്ഷ്യവും പൊതു വിതരണവും വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് താലൂക്കിൽ റേഷൻ വിതരണ ഡിപ്പോകളിൽ കഴിഞ്ഞ ആറ് മാസമായി കമ്മീഷൻ നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിലെ റേഷൻ വ്യാപാരികൾക്ക് 2015 ജൂലൈ മുതൽ 2015 ഒക്ടോബർ വരെയുള്ള AAY കമ്മീഷൻ ഇനത്തിൽ 32,43,435/- രൂപയും 2015 ഒക്ടോബർ മുതൽ 2015 നവംബർ വരെ വർദ്ധിപ്പിച്ച കമ്മീഷൻ 65,54,250 /- രൂപയും, 2016 ഫെബ്രുവരി വരെ അന്നപൂർണ്ണ കമ്മീഷൻ 22106/- രൂപയും അലോട്ട്മെന്റ് നൽകിയിരുന്നു. 28.03.2016 ന് ബില്ല് ട്രഷറിയിൽ സമർപ്പിച്ചപ്പോൾ അന്നപൂർണ്ണ കമ്മീഷൻ തുകയുടെ ബില്ല് മാത്രമേ പാസ്സാക്കിയിരുന്നുള്ളൂ. ബാക്കി ബില്ലുകൾക്ക് പ്രീഓതറൈസ്ഡ് സ്ലിപ് അനുവദിക്കുകയാണ് ഉണ്ടായത്. ടി ബില്ലുകൾ 10.06.2016 ന് വീണ്ടും ട്രഷറിയിൽ സമർപ്പിച്ചപ്പോൾ AAY കമ്മീഷൻ ബില്ലായ 32,43,435/- രൂപയുടെ ബില്ല് 15.06.2016 നും വർദ്ധിപ്പിച്ച കമ്മീഷൻ ബിൽ തുകയായ 65,54,250 /- രൂപ 29.06.2016 നും പാസാക്കുകയും തുക റേഷൻ വ്യാപാരികൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. മൊത്ത വ്യാപാരികളുടെ 2015 ജനുവരി മുതൽ 2015 മാർച്ച് വരെയുള്ള കമ്മീഷൻ കുടിശ്ശിക 16,63,687 /- രൂപയും 2015 നവംബർ മുതൽ 2016 ഫെബ്രുവരി വരെയുള്ള AAY കമ്മീഷൻ ഇനത്തിലുള്ള 29,58,103 /- രൂപയും അനുവദിച്ച അലോട്ട്മെന്റ് ലഭിക്കുകയും ബില്ലുകൾ 28.06.2016 ന് പാസാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ